LIBRARY ARCHIVES Kerala Legislative Assembly

**താലൂക്ക് ആശുപത്രികളുടെ സമഗ്ര വികസനം**

26(5181) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളുടെ സമഗ്ര വികസനത്തിന് കിഫ്ബി ഫണ്ട് വിനിയോഗിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

താലൂക്കാശുപത്രികളുടെ വികസനത്തിനായി കിഫ്ബിയിൽ നാളിതുവരെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം താലൂക്കാശുപത്രികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്നറിയിക്കാമോ; ഇതിൽ ഓരോ ആശുപത്രിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ എസ്.പി.വി. എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കിഫ്ബി നാളിതുവരെ അംഗീകരിച്ച പാലക്കാട് ജില്ലയിലെ താലൂക്കാശുപത്രികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

**മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

27(5182) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിക്കുന്നതെന്നറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിവരം അനുബന്ധമായി നൽകുന്നു.*

(ബി) ഇതിൽ ഓരോ സ്കൂളിനും വകയിരുത്തിയ തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.